അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

4 (*95) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ.പി. രാജു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ച നടപാടികൾ എന്തെല്ലാമൊണെന്ന് വിശദമാക്കുമോ ;

(ബി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ക്ഷേമം മുൻനിറുത്തി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ) സംസ്ഥാനത്ത് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ലോകബാങ്ക് സഹായത്തോടെ പ്രവർത്തനക്ഷമമാക്കുന്ന 3200 അംഗൻവാടികൾക്ക് എല്ലാ പ്രാഥമിക സൗകര്യങ്ങളും ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് (ഒരു കെട്ടിടത്തിന് 1.25 ലക്ഷം രൂപ ക്രമത്തിൽ) നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ '800' അംഗൻവാടി കെട്ടിടങ്ങളിൽ പരമാവധി 40,000 രൂപവരെ ചെലവഴിച്ച് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ അംഗൻവാടികൾക്കും കളിക്കോപ്പുകൾ, മെഡിസിൻ കിറ്റുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ഉള്ള പാത്രങ്ങൾ, ഫർണിച്ചറുകൾ, പ്രീ-സ്കൂൾ വിദ്യാഭ്യാസം നടത്തുന്നതിനുള്ള സാധന സാമഗ്രികൾ എന്നിവയെല്ലാം നൽകി വരുന്നു. അംഗൻവാടി കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും ഗുണഭോക്താക്കൾക്കുള്ള പോഷകാഹാര വിതരണവും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ പഞ്ചായത്ത്തല ഇംപ്ലിമെന്റിംഗ് ആഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. അംഗൻവാടി ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും നൽകി വരുന്നു.

(ബി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ക്ഷേമം മുൻനിറുത്തി രൂപീകരിച്ച അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും സഹായം നൽകി വരുന്നു. അംഗങ്ങൾക്ക് വൈദ്യ സഹായം, ഭവന നിർമ്മാണവായ്പ, വിവാഹ ആവശ്യത്തിന് വായ്പ, അപകട സംരക്ഷണം, പിരിഞ്ഞു പോകുമ്പോൾ ധനസഹായം, ആശ്രിത നിയമനം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ രണ്ട് വർഷം സർവ്വീസുള്ള നിലവിലുള്ള എല്ലാ താൽക്കാലിക അംഗൻവാടി ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനത്തിന് 25 ശതമാനം സംവരണം ചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. 20 ദിവസത്തെ കാഷ്വൽ അവധി. വിദേശത്തു

LIBRARY ARCHIVES Kerala Legislative Assembly

ജോലി നോക്കുന്നതിന് മൂന്നു വർഷം വരെ ഓണറേറിയം ഇല്ലാത്ത അവധി, 30 ദിവസത്തെ പ്രസവാവധി (2 പ്രസവത്തിനു മാത്രം) 42 ദിവസത്തെ ഹോണറേറിയത്തോട് കൂടിയ അബോർഷൻ അവധി (1 പ്രാവശ്യം മാത്രം) ഉത്സവ ബത്ത, ഓണം അഡ്വാൻസ്, യാത്രാബത്ത എന്നിവയും നൽകി വരുന്നു.

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കെട്ടിടം നിർമ്മിക്കുന്നതിനോടനുബന്ധിച്ച് ഒരു ലക്ഷത്തിനാല്പതിനായിരം രൂപ വീതം ഡിപ്പാർട്ടുമെന്റ് നൽകുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇത് വളരെ സ്വാഗതാർഹമായ നടപടിയാണ്. പല അംഗൻവാടികളും കെട്ടിടമില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. എന്നാൽ ഒരു പ്രധാനപ്പെട്ട പ്രശ്നം കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം പലപ്പോഴും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് സർക്കാരിന്റെ ഏതെങ്കിലും ഭൂമി-മിച്ചഭൂമി ബാക്കി കിടക്കുന്നതോ, പുറമ്പോക്ക് ഭൂമിയോ, ഉണ്ടെങ്കിൽ അവിടെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ പ്രത്യേകമായ അനുമതി കൊടുക്കാൻ റവന്യു ഡിപ്പാർട്ടുമെന്റും സാമൂഹ്യക്ഷേമ വകുപ്പും കൂടി ചേർന്നുകൊണ്ട് കരാർ ഉണ്ടാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചാൽ സാമൂഹ്യ സേവനത്തിന് കെട്ടിടം ഉണ്ടാകാൻ കഴിയും. അതിന് നടപടി സ്വീകരിക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ഇക്കാര്യം സംബന്ധിച്ച് നടപടി എടുക്കുന്നതാണ്.

ശ്രീ. പി. രാജു : അംഗൻവാടി ടീച്ചർമാർക്ക് ഈ ഗവൺമെന്റ് വന്നതിനു ശേഷം ആനുകൂല്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും അവരുടെ സേവനത്തിനാവശ്യമായ പ്രതിഫലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ബാലവാടികൾ, അംഗൻവാടികളായി ഉയർത്തുമ്പോൾ അംഗൻവാടി ടീച്ചർമാർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

ശ്രീമതി സുശീലാഗോപാലൻ : അംഗൻവാടി ടീച്ചർമാരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. അടുത്തകാലത്ത് പ്രഖ്യാപിച്ചിട്ടുള്ള ധനസഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാലവാടികൾ അംഗൻവാടികളാക്കി മാറ്റുമ്പോൾ ചില ബാലവാടി ടീച്ചർമാരെ അംഗൻവാടി ടീച്ചർമാരാക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. പുതിയ പ്രോജക്ടുകൾ വരുന്നമുറയ്ക്ക് എല്ലാവരേയും അക്കോമഡേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും ടീച്ചർമാർക്കും വർക്കർമാർക്കും മിനിമം വേജസ് അനുസരിച്ചുള്ള കൂലിയെങ്കിലും അനുവദിക്കണമെന്നുള്ള വിവിധ സംസ്ഥാന ഹൈക്കോടതികളുടെ വിധികൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : മിനിമം വേജസ് കൊടുക്കണം എന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഹൈക്കോടതി വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 100 രൂപ വർദ്ധിപ്പിക്കണമെങ്കിൽ 5.5കോടി രൂപയുടെ അധികബാദ്ധ്യത വരും. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തികപരിമിതിക്കകത്ത് അതിന് കഴിയില്ല. അതുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നിലയിൽ കേന്ദ്രഗവൺമെന്റിനെ കൊണ്ട് അനുവദിപ്പിക്കാനാണുദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : തൃശ്ശൂർ ജില്ലയിലെ നാല് ബ്ലോക്കിൽ പുതിയതായി ആരംഭിച്ച അംഗൻവാടിയിലേയ്ക്കുള്ള ടീച്ചർമാരുടെ ഒഴിവിലേയ്ക്ക് നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ രണ്ടു പ്രാവശ്യം മാറ്റിവച്ചു. കോർപ്പറേഷൻ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്താത്തതുകൊണ്ടാണ് ഇന്റർവ്യൂ മാറ്റിവയ്ക്കപ്പെട്ടത്. അവിടെ എത്രയും വേഗം ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : കോർപ്പറേഷൻ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി ആർ. ലതാദേവി : സംയോജിത ശിശുവികസന പദ്ധതി നമ്മുടെ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; പദ്ധതികൾ നിലവിലില്ലാത്ത ബ്ലോക്കുകളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : പുതിയതായി 43 പദ്ധതികളാണ് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നിലവിൽ വരുന്നത്. അങ്ങനെ വരുമ്പോൾ അംഗൻവാടികൾ കേരളത്തിലാകമാനം വ്യാപിച്ചു കഴിയും.

ശ്രീമതി ആർ. ലതാദേവി : അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സെലക്ഷന്, എസ്.എസ്.എൽ.സി. പാസ്സായവർക്ക് 75 മാർക്കും സേവനസന്നദ്ധതയ്ക്ക് ഇരുപത്തഞ്ച് മാർക്കുമാണ് മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നത്. സേവനസന്നദ്ധതയെന്നു പറയുന്നത് അവ്യക്തമാണ്. അതുകൊണ്ട് എക്സ്പീരിയൻസുള്ള ഉദ്യോഗാർത്ഥികൾക്ക് അഞ്ച് മാർക്ക് മാറ്റി വയ്ക്കുന്നതിന് കഴിയുന്ന തരത്തിൽ മാനദണ്ഡം പുതുക്കുവാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : അക്കാര്യം പരിശോധിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അംഗൻവാടി ജീവനക്കാർക്ക് 100 രൂപ വർദ്ധിപ്പിച്ചത് കേന്ദ്ര ഗവൺമെന്റാണോ സംസ്ഥാന ഗവൺമെന്റാണോയെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : 100 രൂപ വർദ്ധിപ്പിച്ചത് സംസ്ഥാന ഗവൺമെന്റാണ്. അതിന് പണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. എൻ. കണ്ണൻ : ജനസംഖ്യാനുപാതികമായി എല്ലാ പഞ്ചായത്തിലും അംഗൻവാടികൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി സുശീലാഗോപാലൻ : അങ്ങനെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയാണ് പതിവ്. അവിടെനിന്നും അനുവാദം ലഭിക്കുന്ന മുറയ്ക്ക് കൊടുക്കും.

സംസ്ഥാനത്തെ റോഡ് വികസനത്തിന് നടപടി

5 (*96) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് വികസനം, നിർമ്മാണം, അറ്റകുറ്റപ്പണി ചെയ്തുതീർക്കൽ എന്നിവ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യങ്ങളിൽ എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയോ ; പ്രസ്തുത നിർദ്ദേശങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ പ്രധാന റോഡുകളിലും ഹൈവേകളിലും അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഡിസംബർ 31-നകം എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ഹൈവേകളും പ്രധാന റോഡുകളുമാണ് ഇപ്രകാരം സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ഒരു ദിവസം അഞ്ചു കിലോമീറ്റർ നീളത്തിൽ റബ്ബർ ചേർത്ത ടാർ മിശ്രിതം ഉപയോഗിച്ചുള്ള റോഡ് ടാർ ചെയ്യൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഓടകൾ നിർമ്മിച്ച് വെള്ളമൊഴുക്കാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും, വെള്ളം വാർന്നുപോകാത്ത രീതിയിലുള്ള മതിൽ കെട്ടൽ, സ്ഥലം നികത്തൽ എന്നിവ നിരോധിക്കാനും ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി നിയമനിർമ്മാണം ആവശ്യമായി വരുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ റോഡ് വികസനം, നിർമ്മാണം, അറ്റകുറ്റപ്പണി ചെയ്യൽ എന്നിവ പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഇതിനായി സംസ്ഥാനത്ത് ഒരു ഉന്നതതല സംവിധാനം രൂപീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly